# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 1024

03.12.2014 ലെ മറുപടിക്ക്

### ടൂറിസം മേഖലയുടെ സർവതോന്മുഖമായ വളർച്ചയ്ക്കായുള്ള നടപടികൾ

**ചോദ്യം**

ശ്രീ. പി. കെ. ബഷീർ

എ) ഈ സർക്കാർ അധികാരത്തിലേറിയതിനുശേഷം നാളിതുവരെയായി ടൂറിസം മേഖലയുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കായി എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ;

**ഉത്തരം**

ശ്രീ. എ.പി.അനിൽകുമാർ
(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

എ) ടൂറിസം മേഖലയുടെ വളർച്ചയ്ക്ക് പ്രാധാന്യം നൽകി ഈ സർക്കാർ നടപ്പിലാക്കി വരുന്ന പുതിയ പദ്ധതികൾ താഴെ ചേർക്കുന്നു:

1. കേരള സീപ്ലെയിൻ പ്രോജക്ട്
2. ആലപ്പുഴ മെഗാ ടൂറിസം സർക്യൂട്ട്
3. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ കോവളം, കുമരകം, തേക്കടി, ഫോർട്ട് കൊച്ചി, അഷ്ടമുടി, കാലടി, മലയാറ്റൂർ, അതിരപ്പള്ളി, നിലമ്പൂർ, കക്കയം, പെരുവണ്ണാമൂഴി, ഗോൾഡൻവാലി എന്നിവയുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കി വരുന്നു.
4. പിൽഗ്രീം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായും അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായും പ്രധാന പിൽഗ്രിം സെന്റർ ആയ പത്മനാഭസ്വാമി ക്ഷേത്രം, ഗുരുവായൂർ, മലയാറ്റൂർ പള്ളി, ചേരമാൻ ജുമാമസ്ജിദ്, ശബരിമല എന്നീ സെന്ററുകളുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കാനുള്ള പ്രാരംഭ നടപടി ആരംഭിച്ചു കഴിഞ്ഞു.
5. Spice Route in Malabar Zone, കൂടാതെ കേരളത്തിലെ ടൂറിസം സാധ്യതയുള്ള പ്രദേശങ്ങളുടെ സാധ്യതാ പഠനം നടത്തി അനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങൾ നടപ്പിലാക്കി വരുന്നു.

ബി) ടൂറിസം മേഖലയെ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ബി) ടൂറിസം മേഖലയെ അന്തർ ദേശീയ നിലവാരത്തിൽ ഉയർത്തുന്നതിന്റെ ഭാഗമായി കേരളത്തിലെ Airport കളിൽ നിലവിലുള്ള Information Counter കളുടെ സൗകര്യങ്ങൾ അന്തർദേശീയ നിലവാരത്തിൽ ഉയർത്തുന്നതിനും, അതിനെ ബ്രാൻഡ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ അടിസ്ഥാന സൗകര്യങ്ങൾ അന്തർദേശീയ നിലവാരത്തിൽ ഉയർത്തുന്നതിന്റെ ഭാഗമായി PPP മോഡലിലുള്ള പദ്ധതികളും ആസൂത്രണം ചെയ്തു വരുന്നു.

കൂടാതെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലും പ്രധാന പാതകളിലും അന്തർദേശീയ നിലവാരത്തിലുള്ള കോഫീ ഷോപ്പ്, ടോയ്‌ലറ്റ് എന്നിവ അടങ്ങുന്ന 'Take a Rest' എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

**സെക്ഷൻ ഓഫീസർ**